ചെമ്പ്രപെരുവണ്ണാമൂഴി റോഡ് നിർമ്മാണം

55 (1301) ശ്രീമതി എൻ. കെ. രാധ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെമ്പ്ര-പെരുവണ്ണാമൂഴി റോഡിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ, സ്പെഷ്യൽ സാംഗ്ഷൻ ഇവ ലഭിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ? (ഫയൽ നമ്പർ സി. 8/37309/11. 28-5-1999)

ഉത്തരം

ചെമ്പ്ര-പെരുവണ്ണാമൂഴി റോഡിന്റെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ, സ്പെഷ്യൽ സാംഗ്ഷൻ ഇവ നൽകുന്നതിനുള്ള ഫയൽ പരിശോധിച്ചു വരുന്നു.

സുൽത്താൻബത്തേരി ബൈപ്പാസ് റോഡ് നിർമ്മാണം

56 (1302) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരിയിലെ നിർദ്ദിഷ്ട ബൈപാസ് റോഡ് നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സുൽത്താൻബത്തേരി ബൈപാസ് റോഡ് നിർമ്മാണം കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(സി) ബൈപാസ് റോഡ് നിർമ്മാണത്തിന് ആവശ്യമായ തുക 2000-2001 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ) സുൽത്താൻ ബത്തേരി ബൈപാസ് റോഡ് നിർമ്മിക്കുന്നതിന് 1562 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ബി) ബൈപാസ് നിർമ്മാണത്തിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പണി ആരംഭിക്കേണ്ടതുണ്ട്.

(സി) ഭരണാനുമതി നൽകാത്തതുകൊണ്ട് 2000-2001 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടില്ല.

ഹിൽ ഹൈവേയുടെ റൂട്ട് മാറ്റം

57 (1303) ശ്രീ. കെ. സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ നടുവിൽ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന ഹിൽ ഹൈവേയുടെ റൂട്ടിൽ കരുവഞ്ചാൽ-ഒടുവ ഇളിത്തട്ട് നടുവിൽ എന്നതിനു പകരം കരുവഞ്ചാൽ താഴത്തങ്ങാടി താവുകുന്ന് നടുവിൽ എന്ന് ഭേദഗതി ചെയ്യണമെന്ന നടുവിൽ പഞ്ചായത്തിന്റേയും പി.ഡബ്ളിയു.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കത്തിലേയും ശുപാർശകളിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly